കേരള സർക്കാർ

# പ്രതിമാസ റിപ്പോർട്ട്

(സെപ്റ്റംബർ 2023)

# ഉള്ളടക്കം


| | |
|---|---|
| **ഹരിത കേരളം മിഷൻ** | 5 |
| **ലൈഫ് മിഷൻ** | 21 |
| **വിദ്യാകിരണം** | 24 |
| **ആർദ്രം മിഷൻ** | 25 |
| **മോണിറ്ററിങ് & ഇവാല്യുവേഷൻ** | 30 |

# പ്രവർത്തന റിപ്പോർട്ട് 2023 സെപ്റ്റംബർ

വികസന മേഖലകളിൽ നവകേരളം കർമപദ്ധതി-II, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ 2023 സെപ്റ്റംബർ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനു പ്രാദേശിക തലത്തിൽ വരുമാന വർധനവിനു സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

നാടിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ നടത്തുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 2980 യോഗങ്ങൾ സെപ്റ്റംബർ മാസം നടന്നിട്ടുണ്ട്. ഇതിൽ 99 ജില്ലാ തല യോഗങ്ങളും, 111 ബ്ലോക്ക് തല യോഗങ്ങളും 1878 തദ്ദേശ സ്വയംഭരണ യോഗങ്ങളും 893 സ്ഥാപനതല യോഗങ്ങളും ഉൾപ്പെടുന്നു. സെപ്റ്റംബർ മാസം കൂടിയ യോഗങ്ങളിൽ 8092 ജനപ്രതിനിധികളും 9742 ഉദ്യോഗസ്ഥരും, 12841 സാങ്കേതിക പ്രവർത്തകരും 31651 വിദ്യാർത്ഥികളും ഉൾപ്പെടെ ആകെ 62326 പേർ പങ്കെടുത്തിട്ടുണ്ട്. വിവിധ മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 77 ശില്പശാലകൾ സംഘടിക്കപ്പെട്ടിട്ടുണ്ട്. ഈ ശില്പശാലകളിൽ 2264 പേർ പങ്കെടുത്തിട്ടുണ്ട്. വിവിധ മിഷൻ പ്രവർത്തനങ്ങൾക്കു വേണ്ടി ഹരിത കേരളം മിഷൻ 361 പരിശീലനങ്ങൾ സെപ്റ്റംബർ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനത്തിലൂടെ 8553 പേർ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഭാഗമായിട്ടുണ്ട്. വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി സെപ്റ്റംബർ മാസത്തിൽ 1893 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. ഇത്തരം ഇടപെടലുകളുടെ ഭാഗമായി സെപ്റ്റംബർ മാസത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾ യാഥാർഥ്യമാക്കുന്നതിനോടൊപ്പം 9317 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി സെപ്റ്റംബർ മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| ജലസംരക്ഷണം പ്രവർത്തനങ്ങൾ | 2023 ആഗസ്റ്റ് വരെ | 2023 സെപ്റ്റംബർ | ആകെ |
|---|---|---|---|
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | 207 | 0 | 207 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 15440 | 1764 | 17204 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ കിലോമീറ്ററിൽ | 24355.9 | 1097.70 | 25453.61 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 2490 | 128 | 2618 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 4185 | 37 | 4222 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 7063 | 160 | 7223 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 13814 | 598 | 14412 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 402 | 35 | 437 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 42128 | 1978 | 44106 |
| മാപ്പത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപ്പത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | | | 197 |
| മാപ്പത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | | | 113 |
| നീർച്ചാൽ പാർശ്വഭിത്തി സംരക്ഷണ കയർ ഭൂവസ്ത്രം (sq mtr) | | | 3686849 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറി റീച്ചാർജ്ജുകളുടെ എണ്ണം | | | 2 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 2698 | 5 | 2703 |
| പച്ചത്തുരുത്തുകളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 815.43 | 1.33 | 816.76 |
| തരിശുരഹിത ഗ്രാമം പദ്ധതി- തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 95 |
| തരിശുരഹിത ഗ്രാമം പദ്ധതി-കൃഷി- (ഏക്കറിൽ) വിസ്തൃതി | | | 18375 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ചിട്ടുള്ള വാർഡുകളുടെ എണ്ണം | | | 103 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 126 |
| ആരാധനാലയങ്ങളിൽ കൃഷി ചെയ്യുന്ന വിസ്തൃതി ഏക്കറിൽ | | | 119 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 63 |
| സ്ഥാപനതല കൃഷി വിസ്തൃതി (ഏക്കറിൽ ) | | | 140 |
| **ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | |
| ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | 78 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | 7326 |
| ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചത് (സെപ്റ്റംബർ വരെ) | | | 1558 |
| 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | | | 34557 |
| വാതിൽപ്പടി ശേഖരണം നടത്തുന്ന വീടുകളുടെ എണ്ണം (2023 സെപ്റ്റംബർ മാസം) (ലക്ഷത്തിൽ) | | | 79.80 |

| | | | |
|---|---|---|---|
| സംസ്ഥാനത്തു ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്ന സ്ഥാപനങ്ങൾ (ലക്ഷം) | | | 7.5 |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ തരം തിരിച്ച പ്ലാസ്റ്റിക് (ടൺ)(സെപ്റ്റംബർ മാസം) | | | 851.829 |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ നിഷ്ക്രിയ മാലിന്യം (ടൺ)(സെപ്റ്റംബർ മാസം) | | | 1456.825 |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ ഇ-മാലിന്യം (ടൺ)(സെപ്റ്റംബർ മാസം) | | | 23.004 |
| യൂസർഫീ ഇനത്തിൽ ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുള്ള വരുമാനം (2023 സെപ്റ്റംബർ)(കോടി) | | | 25.68 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MCFകളുടെ എണ്ണം | | | 1313 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MINI MCFകളുടെ എണ്ണം | | | 15311 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള (ആർ.ആർ.എഫ്) കേന്ദ്രങ്ങൾ | | | 138 |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് നടപ്പിലാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | | | 592 |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് വഴി എൻറോൾ ചെയ്ത കെട്ടിടങ്ങൾ (ലക്ഷം) | | | 69.6 |

# ഹരിത കേരളം മിഷൻ പ്രത്യേക പ്രവർത്തനങ്ങൾ

## 1) നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ നെറ്റ് സീറോ കാർബൺ അവസ്ഥയിലെത്താനുള്ള പ്രവർത്തനങ്ങൾക്കായി നവകേരളം കർമപദ്ധതി - II ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരെഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 85 |
| നെറ്റ് സീറോ-അംഗൻ ജ്യോതിയിൽ ഉൾപെടുത്താൻ വേണ്ടി തിരെഞ്ഞെടുത്ത അങ്കണവാടികൾ | 2211 |
| ഊർജ്ജ ഓഡിറ്റിനായി തിരെഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ | 1534 |
| കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ | 23 |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമ പഞ്ചായത്തുകൾ വീതം ആകെ 84 ഗ്രാമപഞ്ചായത്തുകളെയും ഒരു നഗരസഭയെയും (വടകര) തിരഞ്ഞെടുത്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങളുടെ രണ്ട് ദിവസത്തെ ശില്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) സാങ്കേതിക വിശദീകരണ ശില്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

തിരഞ്ഞെടുത്ത 84 ഗ്രാമപഞ്ചായത്തുകളിലും ഒരു നഗരസഭയിലെയും, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ നടത്തിയിട്ടുണ്ട്.

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എനർജി മാനേജ്മെന്റ് സെന്റർ എന്ന സർക്കാർ സ്ഥാപനവുമായി യോജിച്ച് ഊർജ്ജ സംരക്ഷണ മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

അങ്കണവാടികളിൽ ഊർജ്ജ സ്വയം പര്യാപ്തത കൊണ്ടുവരുന്നതിനും ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിനും വേണ്ടിയുള്ള അംഗൻ ജ്യോതി പദ്ധതി നിലവിൽ നടന്നു വരുന്നു.

അംഗൻ ജ്യോതിയിൽ ഉൾപെടുത്താൻ വേണ്ടി നെറ്റ് സീറോ കാർബൺ പ്രൊജക്ട് നടപ്പാക്കുന്ന 85 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 2211 അങ്കണവാടികളെ തിരഞ്ഞെടുത്തു. തിരെഞ്ഞെടുത്ത 2211 അങ്കണവാടികൾക്കും പാചകത്തിനുള്ള വൈദ്യുത ഇൻഡക്ഷൻ അടുപ്പുകൾ, അനുബന്ധ പാത്രങ്ങൾ, LED ബൾബ്, BLDC ഫാൻ, ടൂ വീലർ / ത്രീ വീലർ ഇലക്ട്രിക്ക് ചാർജിങ്ങിനുള്ള സംവിധാനം, എന്നിവ ഇ എം സി യിൽ നിന്ന് ലഭ്യമാക്കുന്നതാണ്. ആയതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചതായി ഇ എം സി (EMC )അറിയിച്ചിട്ടുണ്ട്.

സർക്കാർ സ്ഥാപനങ്ങളുടെ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി റിപ്പോർട്ട് മാസത്തിൽ 64 സർക്കാർ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി 1534 സർക്കാർ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്.

മാതൃകാ പ്രവർത്തനങ്ങൾക്കുള്ള മോഡൽ ആയി കാണിച്ചുകൊടുക്കുവാൻ 85 സർക്കാർ സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ഊർജ്ജ ഓഡിറ്റ് നടത്തി ആയതിലെ കണ്ടെത്തലുകൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഇ എം സി നേരിട്ട് ഈ 85 സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതാണ്.

ഒരു കിലോവാട്ട് മുതൽ പത്തു കിലോവാട്ട് വരെ ശേഷിയുള്ള കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് പുതിയതായി ഒരു ജല സ്രോതസ്സ് കൂടി റിപ്പോർട്ട്

മാസത്തിൽ കണ്ടെത്തിയിട്ടുണ്ട്. അത് ഉൾപ്പെടെ നിലവിൽ 23 ജല സ്രോതസ്സുകൾ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് കണ്ടെത്തിയിട്ടുണ്ട്. സാധ്യത പഠനവും, സാങ്കേതിക സഹായവും കരാർ അടിസ്ഥാനത്തിൽ പദ്ധതിയുടെ നടത്തിപ്പും ഇഎം സി ചെയ്യുന്നതാണ്.

"നെറ്റ് സീറോ കാർബൺ കേരളം - ജനങ്ങളിലൂടെ" പദ്ധതിയുടെ ഭാഗമായി സംസ്ഥാന എനർജി മാനേജ്മെന്റ് സെന്ററിന്റെ സഹകരണത്തോടെ നെറ്റ് സീറോ കാർബൺ പദ്ധതികൾ പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കുന്ന പരിശീലകരുടെ പരിശീലനം 2023 സെപ്റ്റംബർ 29, 30 തീയതികളിൽ തിരുവനന്തപുരം ശ്രീകാര്യം എനർജി മാനേജ്മെന്റ് സെന്ററിൽ നടന്നു. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ നടത്തുന്ന കോർ ഗ്രൂപ്പ് അംഗങ്ങൾ, റിസോഴ്സ് പേഴ്സണൽമാർ, ഇന്റേൺസ് ഉൾപ്പെടെ 108 പേർ പരിശീലനത്തിൽ പങ്കെടുത്തു.

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിക്കു വേണ്ടി ഹരിത കേരളം മിഷൻ നേരിട്ട് ഇടപെട്ടതും ഭാഗഭാക്കായതുമായ 115 യോഗങ്ങൾ സെപ്തംബർ മാസം നടന്നിട്ടുണ്ട്. സെപ്തംബർ മാസം കൂടിയ യോഗങ്ങളിൽ 217 ജനപ്രതിനിധികളും 321 ഉദ്യോഗസ്ഥരും, 165 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 703 പേർ പങ്കെടുത്തിട്ടുണ്ട്. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുമായി ബന്ധപ്പെട്ട് 3 ശില്പശാലകൾ സംഘടിപ്പിച്ചതിൽ 223 പേർ പങ്കെടുത്തിട്ടുണ്ട്. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിക്കു വേണ്ടി ഹരിത കേരളം മിഷൻ നേരിട്ട് 338 പരിശീലനം നടത്തിയിട്ടുള്ളതിൽ 7852 പേർ പങ്കെടുത്തിട്ടുണ്ട്. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിക്കായി 82 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്.

- ❖ കണ്ണൂർ ജില്ലയിൽ 5 ഗ്രാമപഞ്ചായത്തുകളിൽ 336 ഊർജ്ജ സംരക്ഷണ ക്ലാസുകൾ സംഘടിപ്പിച്ചതിൽ 7808 പേരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ❖ എറണാകുളം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിന്റെ ഭാഗമായി ചിറ്റാട്ടുകര പഞ്ചായത്തിൽ 30 സെന്റ് പുറമ്പോക്ക് ഭൂമിയിൽ ഔഷധ സസ്യ പാർക്ക് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ❖ നെറ്റ് സീറോ കാർബൺ ലക്ഷ്യത്തിനു വേഗത കൂട്ടാൻ കണ്ണൂർ ജില്ലയിൽ ഹരിതകേരള മിഷൻ ഓർമ്മമരം കാമ്പയിൻ ആവിഷ്കരിച്ചു. ജില്ലയിൽ 35 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓർമ മരങ്ങൾ നട്ട് പിടിപ്പിച്ചിട്ടുണ്ട്. ഓർമ്മ ദിനാചരണത്തിലൂടെ വൃക്ഷവൽക്കരണം പ്രോൽസാഹിപ്പിക്കാൻ ലക്ഷ്യമിട്ടാണ് ക്യാമ്പയിൻ ആരംഭിച്ചത്. വൃക്ഷതൈകൾ നടുന്നതോടൊപ്പം സംരക്ഷണവും ഉറപ്പാക്കിയിട്ടുണ്ട്.

### 2) ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ ജല സുരക്ഷാ പ്ലാനുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം നടന്നു വരുന്നു. CWRDM-ന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കിയ മാർഗ്ഗരേഖ പ്രകാരം എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും കോഴിക്കോട് ജില്ലയിലെ രണ്ട് ബ്ലോക്കിലും ജല ബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

ജല ബജറ്റ് പ്രവർത്തനങ്ങൾക്കു വേണ്ടി ഹരിത കേരളം മിഷൻ നേരിട്ട് ഇടപെട്ടതും ഭാഗഭാക്കായതുമായ 142 യോഗങ്ങൾ സെപ്തംബർ മാസം നടന്നിട്ടുണ്ട്. സെപ്തംബർ മാസം കൂടിയ യോഗങ്ങളിൽ 629 ജനപ്രതിനിധികളും 865 ഉദ്യോഗസ്ഥരും, 524 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 2018 പേർ പങ്കെടുത്തിട്ടുണ്ട്. ജല ബജറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 25 ശില്പശാലകൾ സംഘടിപ്പിച്ചതിൽ 864 പേർ പങ്കെടുത്തിട്ടുണ്ട്. ജല ബജറ്റ് പ്രവർത്തനങ്ങൾക്കു വേണ്ടി ഹരിത കേരളം മിഷൻ നടത്തിയ 5 പരിശീലനങ്ങളിൽ 159 പേർ പങ്കെടുത്തിട്ടുണ്ട്.

**2.1) ജലബജറ്റ് പ്രവർത്തനപുരോഗതി** - ജലബജറ്റ് റിപ്പോർട്ട് അവതരിപ്പിക്കാൻ 245 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻ മാസം വരെ തിരഞ്ഞെടുത്തിരുന്നു. റിപ്പോർട്ട് മാസത്തിൽ

6 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധത അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതും കൂടി ഉൾപ്പെടുത്തി നിലവിൽ 251 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡിസംബർ 31നു റിപ്പോർട്ട് പൂർത്തീകരിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 33 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് (ആകെ 345 എണ്ണം) തയ്യാറാക്കുവാൻ സാധിക്കും എന്നത് ശ്രദ്ധേയമാണ്.

റിപ്പോർട്ട് മാസത്തിൽ 22 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. ഇത് ഉൾപ്പെടെ 70 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നാളിതു വരെ വിവരശേഖരണം പൂർത്തീകരിച്ചു. കൂടാതെ ഈ മാസം 6 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ 19 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ കാലയളവിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്.

| പുരോഗതി - സെപ്റ്റംബർ | | | |
|---|---|---|---|
| രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ | പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം | വിവര ശേഖരണം പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം | റിപ്പോർട്ട് പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം |
| 251 | 150 | 70 | 19 |

### 2.2) ജലബജറ്റ്- തുടർ പ്രവർത്തനങ്ങൾ

കേരളത്തിൽ ആദ്യഘട്ടത്തിൽ ജലബജറ്റ് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് സജ്ജമാക്കിയിട്ടുണ്ട്. ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള ശ്രമകരമായ പ്രവർത്തനമാണ് നടന്നു വരുന്നത്. മഴ കുറഞ്ഞ വർഷമായതിനാൽ ജലബജറ്റിന്റെ ഇടപെടലുകൾക്ക് കൂടുതൽ പ്രാധാന്യമുണ്ട്.

വരൾച്ച മുൻകൂട്ടി കണ്ട് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജലസേചനം കൃഷി, ഭൂജല, മണ്ണ്സംരക്ഷണം, MGNREGS തുടങ്ങിയ വകുപ്പുകളെ ഏകോപിച്ച് വിവിധ ജല സംരക്ഷണപ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തുടങ്ങിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥർക്കുള്ള സംസ്ഥാനതല പരിശീലനം ഒക്ടോബർ മാസത്തിൽ നടത്തുന്നതാണ്. ജലബജറ്റ് തുടർ പ്രവർത്തനങ്ങൾക്ക വേണ്ടി വിവിധ വകുപ്പുകളുടെ സഹകരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉറപ്പാക്കിയിട്ടുണ്ട്.

## 3) സുരക്ഷിതമാക്കാം പശ്ചിമഘട്ടം

പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി നീർച്ചാലുകളുടെ ശാസ്ത്രീയമായ മാപ്പിംഗ് "മാപ്പത്തോൺ" നടന്നു വരുന്നു.

RKI യുടെ സഹായത്തോടെയുള്ള ഈ പദ്ധതി 9 ജില്ലകളിൽ പുരോഗതിയിലാണ്. ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപ്പുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്.

ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിലെയും മാപ്പത്തോൺ പ്രവർത്തനം ഒക്ടോബർ മാസത്തിൽ തന്നെ പൂർത്തീകരിക്കുന്നതാണ്.

3.1) മാപ്പത്തോൺ പ്രവർത്തനപുരോഗതി - സെപ്റ്റംബർ 2023

| മാപ്പത്തോൺ-തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുരോഗതി - സെപ്റ്റംബർ | | | |
|---|---|---|---|---|
| | ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | അപ്രൂവൽ ലഭിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | മാപ്പത്തോൺ മൂന്നാം ഘട്ടം ആരംഭിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | പുനരുജ്ജീവിപ്പിച്ച തോട് / നീർച്ചാലിന്റെ നീളം (കിമീ) |
| 230 | 195 | 149 | 19 | 113.0 |

മാപ്പത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ പ്രവർത്തനങ്ങളായ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനുവേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തെ അഞ്ചു ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ മാപ്പത്തോൺ പൂർത്തീകരിച്ച 7 പഞ്ചായത്തുകളിലും കോഴിക്കോട് ജില്ലയിലെ മാപ്പത്തോൺ പൂർത്തീകരിച്ച 8 പഞ്ചായത്തുകളിലും വയനാട്, കണ്ണൂർ ജില്ലയിലെ മാപ്പത്തോൺ പൂർത്തീകരിച്ച 4 പഞ്ചായത്തുകളിലും അടുത്ത ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുൾപ്പെടെ നിലവിൽ മൂന്നാം ഘട്ട പ്രവർത്തനങ്ങൾ 19 ഗ്രാമ പഞ്ചായത്തിൽ നടന്നു വരുന്നു.

മാപ്പത്തോൺ പ്രവർത്തനങ്ങൾക്കുവേണ്ടി ഹരിത കേരളം മിഷൻ നേരിട്ട് ഇടപെട്ടതും ഭാഗഭാക്കായതുമായ 18 യോഗങ്ങൾ സെപ്തംബർ മാസം നടന്നിട്ടുണ്ട്. ഇതിൽ 2 ജില്ലാ തല യോഗങ്ങളും 15 തദ്ദേശ സ്വയംഭരണ സ്ഥാപനതല യോഗങ്ങളും 1 സ്ഥാപനത്തല യോഗങ്ങളും ഉൾപ്പെടുന്നു. സെപ്തംബർ മാസം കൂടിയ യോഗങ്ങളിൽ 45 ജനപ്രതിനിധികളും 41 ഉദ്യോഗസ്ഥരും, 364 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 450 പേർ പങ്കെടുത്തിട്ടുണ്ട്. മാപത്തോൺ പ്രവർത്തനങ്ങൾക്കുവേണ്ടി ഹരിത കേരളം മിഷൻ നേരിട്ട് 3 പരിശീലനം നടത്തിയിട്ടുണ്ട്. 3 പരിശീലനത്തിലും കൂടി 87 പേർ പങ്കെടുത്തിട്ടുണ്ട്.

## 4) പച്ചത്തുരുത്തുകൾ

പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി സെപ്റ്റംബർ മാസത്തിൽ 1.33 ഏക്കർ സ്ഥലത്തു 5 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. ഇതു ഉൾപ്പെടെ 2019 ജൂൺ മാസം മുതൽ ഇതുവരെ 816.76 ഏക്കർ സ്ഥലത്ത് 2703 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

| പച്ചത്തുരുത്തുകൾ | ആഗസ്റ്റ് മാസം വരെ | സെപ്റ്റംബർ മാസം | ആകെ |
|---|---|---|---|
| എണ്ണം | 2698 | 5 | 2703 |
| വിസ്തൃതി (ഏക്കർ) | 815.43 | 1.33 | 816.76 |

പച്ചത്തുരുത്ത് പദ്ധതിക്കു വേണ്ടി ഹരിത കേരളം മിഷൻ നേരിട്ട് ഇടപെട്ടതും ഭാഗഭാക്കായതുമായ 85 യോഗങ്ങൾ സെപ്തംബർ മാസം നടന്നിട്ടുണ്ട്. സെപ്തംബർ മാസം കൂടിയ യോഗങ്ങളിൽ 193 ജനപ്രതിനിധികളും 197 ഉദ്യോഗസ്ഥരും, 410 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 800 പേർ പങ്കെടുത്തിട്ടുണ്ട്. പച്ചത്തുരുത്ത് പദ്ധതിക്കായി 148 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തുള്ള 167 പച്ചത്തുരുത്തുകളിൽ പുനർ സന്ദർശനം നടത്തി അവസ്ഥ പരിശോധിച്ചു നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനർ സന്ദർശനം നടത്തിയ പച്ചത്തുരുത്തുകളിൽ 57 ഇടങ്ങളിലായി 7779 പുതു തൈകൾ നട്ടിട്ടുണ്ട്. പച്ചത്തുരുത്തുകളെ പുനരുജ്ജീവിപ്പിക്കാനുള്ള തൃശ്ശൂർ ജില്ലയുടേയും (5283 പുതു തൈകൾ), പാലക്കാട് ജില്ലയുടേയും (1550 പുതു തൈകൾ) പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

റിപ്പോർട്ട് കാലയളവിൽ 54 പച്ചത്തുരുത്തുകളിൽ ജൈവവേലി സ്ഥാപിച്ചിട്ടുള്ളതായും 45 പച്ചത്തുരുത്തുകളിൽ സംഘാടക സമിതി രൂപീകരിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോട്ടയം ജില്ലയിൽ 11 ബ്ലോക്കുകളിലായി 37 പുതിയ പച്ചത്തുരുത്തുകൾ, മലപ്പുറം ജില്ലയിൽ 14 ബ്ലോക്കുകളിൽ 14 പുതിയ പച്ചത്തുരുത്തുകൾ, കൊല്ലം ജില്ലയിൽ 16 പുതിയ പച്ചത്തുരുത്തുകൾ, എറണാകുളം ജില്ലയിൽ 24 പുതിയ പച്ചത്തുരുത്തുകൾ എന്ന ക്രമത്തിൽ പുതിയ പച്ചത്തുരുത്തുകൾ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

- ❖ എറണാകുളം ജില്ലയിൽ റെയിൽവേ പ്രദേശങ്ങളിൽ കണ്ടൽ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കാൻ സതേൺ റെയിൽവേയും ജില്ല മിഷനുമായി ആലോചന യോഗം ചേർന്നു.
- ❖ വയനാട് ജില്ലയിലെ വെങ്ങപ്പള്ളി പച്ചത്തുരുത്തിന്റെ Enrichment-മായി ബന്ധപ്പെട്ട് 40 ഇനം തൈകൾ (rare species plus herbal plants) എം.എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ സൗജന്യമായി നൽകും.
- ❖ വയനാട് ജില്ലയിലെ തവിഞ്ഞാൽ പഞ്ചായത്തിലെ പുഴയോര മുള പച്ചത്തുരുത്തിനെ Enrichment-ന്റെ ഭാഗമായി ഒരു ഗ്രാമീണ ടൂറിസം കേന്ദ്രമാക്കുന്നതിന് 1 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ വയനാട് ഡി.ടി.പി.സി-ക്ക് കൊടുത്തിട്ടുണ്ട്.

### 5) കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗ തീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ സജീവമാക്കിയിട്ടുണ്ട്.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്തു തരിശുരഹിത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ബ്ളോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ തിരെഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസത്തിൽ തരിശുരഹിതമാക്കുന്നതിനായി 61 ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുത്തിട്ടുണ്ട്.

ഹരിത സമൃദ്ധി വാർഡ് / തരിശു രഹിത ഗ്രാമം പദ്ധതിക്കു വേണ്ടി ഹരിത കേരളം മിഷൻ നേരിട്ട് ഇടപെട്ടതും ഭാഗഭാക്കായതുമായ 127 യോഗങ്ങൾ സെപ്റ്റംബർ മാസം നടന്നിട്ടുണ്ട്. സെപ്റ്റംബർ മാസം കൂടിയ യോഗങ്ങളിൽ 545 ജനപ്രതിനിധികളും 285 ഉദ്യോഗസ്ഥരും, 462 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 1292 പേർ പങ്കെടുത്തിട്ടുണ്ട്. ഹരിത സമൃദ്ധി വാർഡ് / തരിശു രഹിത ഗ്രാമം പദ്ധതിക്കായി 186 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്.

- ❖ കണ്ണൂർ സ്പെഷൽ സബ് ജയിലിൽ ഹരിത കേരളം മിഷന്റെ സഹകരണത്തോടെ "തളിര്"എന്ന പേരിൽ നടത്തുന്ന ചെറു ധാന്യകൃഷി, കരനെൽകൃഷി, ജൈവ പച്ചക്കറി കൃഷി എന്നിവ നടന്നു വരുന്നു.
- ❖ കൊല്ലം ജില്ലയിലെ കരീപ്ര പഞ്ചായത്തിലെ മടന്തംകോട്, കുന്നുവട്ടം എലായിലുള്ള 5 ഏക്കർ പാടങ്ങളിൽ സിലിക്ക ഉപയോഗിച്ച് നെല്ലുൽപാദനം വർദ്ധിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി യോഗം ചേർന്നു.
- ❖ ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി നടപ്പിലാക്കുന്നതിനായി റിപ്പോർട്ട് മാസം വരെ 676 വാർഡുകൾ തിരെഞ്ഞെടുത്തു. ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി നടപ്പിലാക്കുന്നതിനായി റിപ്പോർട്ട് മാസത്തിൽ 56 ദേവാലയങ്ങൾ ഉൾപ്പെടെ ഈ വർഷം 182 ദേവാലയങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്.

- ❖ കൊല്ലം ജില്ലയിൽ ദേവഹരിതം പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നഗരസഭയിൽ തൃക്കണ്ണമംഗലത്തു സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ചിൽ പച്ചക്കറി കൃഷി ആരംഭിച്ചു. കൊല്ലം ഇരവിപുരം കുന്നത്ത് കാവ് ക്ഷേത്രത്തിലെ മൂന്നര എക്കർ ഭൂമി കൃഷിയോഗ്യമാക്കുന്നതിനായി തൊഴിലുറപ്പ് തൊഴിലാളികൾ നിലം ഒരുക്കൽ പ്രവർത്തനം ആരംഭിച്ചു.
- ❖ കുളക്കട ഗ്രാമപഞ്ചായത്തിൽ മൗണ്ട് കാർമേൽ ആശ്രമത്തിൽ തരിശ് സ്ഥലങ്ങൾ കൃഷി ചെയ്യുന്നതിന് സപ്തംബർ 11-ന് തുടക്കം കുറിച്ചു.
- ❖ തരിശുരഹിത ഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് തഴവ ഗ്രാമപഞ്ചായത്തിൽ 120 ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്യാൻ പദ്ധതി ആവിഷ്കരിച്ചു വ്യവസായ സ്ഥാപനതല കൃഷിക്കായി റിപ്പോർട്ട് മാസത്തിലെ ഒരു സ്ഥാപനം ഉൾപ്പെടെ ഈ വർഷം 63 വ്യവസായ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്.

### 6) ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

- ❖ 534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
- ❖ സെപ്റ്റംബർ മാസം വരെ ആകെ 207 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ❖ ലാബുകൾ സ്ഥാപിച്ച 172 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.
- ❖ സെപ്റ്റംബർ മാസത്തെ 1764 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 17204 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.
- ❖ 327 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

### 7) ഹരിത സ്ഥാപനം

ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 7326 തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ ഡിസംബർ 31നു മുൻപ് മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| ഹരിത സ്ഥാപനം - പ്രവർത്തന പുരോഗതി - സെപ്റ്റംബർ 2023 | |
|---|---|
| ഹരിത സ്ഥാപനമായി മാറ്റുന്നതിനു തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | 7326 |
| പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ച സ്ഥാപനങ്ങൾ | 4242 |
| നോഡൽ ഓഫീസർമാരെ നിയമിച്ച സ്ഥാപനങ്ങൾ | 3202 |
| ക്ളബ്ബ്/ കമ്മറ്റി രൂപീകരിച്ച സ്ഥാപനങ്ങൾ | 1597 |
| ഒറ്റതവണ ഉപയോഗ സാധനങ്ങളുടെ ഉപയോഗം പൂർണമായും ഒഴിവാക്കിയ സ്ഥാപനങ്ങൾ | 3177 |
| മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ച സ്ഥാപനങ്ങൾ | 1811 |
| മഴ വെള്ളം റീച്ചാർജ്/ സംഭരണ സംവിധാനം സ്ഥാപിച്ച സ്ഥാപനങ്ങൾ | 128 |
| പച്ചക്കറി തോട്ടം, പൂന്തോട്ടം എന്നിവ സ്ഥാപിച്ച സ്ഥാപനങ്ങൾ | 437 |
| സെപ്റ്റംബർ മാസം വരെ മോണിറ്ററിങ് നടത്തിയ സ്ഥാപനങ്ങൾ | 1204 |
| അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമസേനക്ക് കൈമാറുന്ന സ്ഥാപനങ്ങൾ | 3789 |

| | |
|---|---|
| പ്ലാസ്റ്റിക് ബദൽ സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുള്ള സ്ഥാപനങ്ങൾ | 1959 |
| ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ്/ബയോഗ്യാസ് ആക്കാൻ സംവിധാനമുള്ള സ്ഥാപനങ്ങൾ | 1918 |
| ഇ വേസ്റ്റ്, ഹസാർഡസ് വേസ്റ്റ് എന്നിവ ക്ളീൻ കേരള കമ്പനിക്ക് കൈമാറുന്ന സ്ഥാപനങ്ങൾ | 1151 |
| ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് മാത്രം പരിപാടികൾ സംഘടിപ്പിക്കുന്ന സ്ഥാപനങ്ങൾ | 2583 |
| പേപ്പർ മാലിന്യം കുറയ്ക്കുന്നതിനായി ഇ ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | 1489 |
| വൃത്തിയുള്ള ശുചിമുറി സംവിധാനം ലഭ്യമായ സ്ഥാപനങ്ങൾ | 4113 |
| മലിനജലം നിർമാർജനം ചെയ്യാൻ സംവിധാനമുള്ള സ്ഥാപനങ്ങൾ | 2269 |
| സെപ്റ്റംബർ മാസം വരെ ഹരിത സ്ഥാപനമായി പ്രഖ്യാപിച്ച സ്ഥാപനങ്ങൾ | 1558 |

❖ ഹരിത സ്ഥാപന പ്രവർത്തനങ്ങൾക്ക് വേണ്ടി ഹരിത കേരളം മിഷൻ നേരിട്ട് 919 യോഗങ്ങൾ സെപ്തംബർ മാസം നടത്തിയിട്ടുണ്ട്. ഇതിൽ 6 ജില്ലാ തല യോഗങ്ങളും, 8 ബ്ലോക്ക് തല യോഗങ്ങളും 277 തദ്ദേശ സ്വയംഭരണ സ്ഥാപനതല യോഗങ്ങളും 628 സ്ഥാപനത്തല യോഗങ്ങളും ഉൾപ്പെടുന്നു. സെപ്തംബർ മാസം കൂടിയ യോഗങ്ങളിൽ 579 ജനപ്രതിനിധികളും 2612 ഉദ്യോഗസ്ഥരും പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഹരിത വിദ്യാലയ പ്രവർത്തനങ്ങൾക്കായി 31651 വിദ്യാർത്ഥികളും പങ്കെടുത്തിട്ടുണ്ട്. ഹരിത വിദ്യാലയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 12 ശില്പശാലകൾ സംഘടിക്കപ്പെട്ടിട്ടുണ്ട്. ഈ ശില്പശാലകളിൽ 445 പേർ പങ്കെടുത്തിട്ടുണ്ട്. ഹരിത സ്ഥാപന പ്രവർത്തനങ്ങൾക്ക് വേണ്ടി ഹരിത കേരളം മിഷൻ 8 പരിശീലനം നടത്തിയിട്ടുണ്ട്. 8 പരിശീലനത്തിലും കൂടി 112 പേർ പങ്കെടുത്തിട്ടുണ്ട്. ഹരിത സ്ഥാപന പ്രവർത്തനങ്ങൾക്കായി 456 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. ഇത്തരം ഇടപെടലുകളുടെ ഭാഗമായി സെപ്തംബർ മാസത്തിൽ 2232 പേരുടെ ജനപങ്കാളിത്തം ഹരിത സ്ഥാപന പ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിത സ്ഥാപനമായി മാറ്റുവാൻ തിരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ ജില്ലാ തല വിവരണം | | | | | | |
|---|---|---|---|---|---|---|
| ജില്ല | വിദ്യാഭ്യാസ സ്ഥാപനം | ഓഫീസുകൾ | ഓഫീസ് കോംപ്ലക്സ് | കമ്മ്യൂണിറ്റി ഹാളുകൾ | മറ്റു സ്ഥാപനങ്ങൾ | ആകെ |
| തിരുവനന്തപുരം | 533 | 742 | 16 | 238 | 38 | 1612 |
| കൊല്ലം | 293 | 597 | 31 | 25 | 54 | 1000 |
| പത്തനംതിട്ട | 273 | 130 | 86 | 58 | 5 | 552 |
| ആലപ്പുഴ | 89 | 81 | 28 | 36 | 20 | 254 |
| കോട്ടയം | 95 | 198 | 106 | 0 | 6 | 405 |
| ഇടുക്കി | 64 | 367 | 0 | 3 | 0 | 434 |
| എറണാകുളം | 243 | 802 | 30 | 69 | 8 | 1152 |
| തൃശ്ശൂർ | 50 | 60 | 3 | 0 | 0 | 113 |
| പാലക്കാട് | 94 | 167 | 4 | 0 | 0 | 265 |
| മലപ്പുറം | 0 | 116 | 0 | 0 | 0 | 116 |
| കോഴിക്കോട് | 49 | 0 | 0 | 0 | 0 | 49 |
| വയനാട് | 0 | 32 | 1 | 0 | 0 | 33 |
| കണ്ണൂർ | 270 | 416 | 110 | 45 | 0 | 841 |
| കാസർഗോസ് | 277 | 218 | 1 | 4 | 0 | 500 |
| ആകെ | 2330 | 3926 | 416 | 307 | 347 | 7326 |

❖ ഹരിതസ്ഥാപനങ്ങളാക്കാൻ തിരഞ്ഞെടുത്ത ആകെ 7326 സ്ഥാപനങ്ങളിൽ 2330 വിദ്യാഭ്യാസ സ്ഥാപനങ്ങളും, 3926 ഓഫീസുകളും, 416 ഓഫീസ് കോംപ്ളെക്സുകളും, 307 കമ്മ്യൂണിറ്റി ഹാളുകളും, 347 മറ്റു സ്ഥാപനങ്ങളും ഉൾപ്പെടുന്നു.

- തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ സ്ഥാപനങ്ങളെ (1612) ഹരിതസ്ഥാപനങ്ങളാക്കി മാറ്റാൻ തിരഞ്ഞെടുത്തിട്ടുള്ളത്.
- എറണാകുളം ജില്ലയിലെ 802 ഓഫീസുകൾ ഉൾപ്പെടെ 1152 സ്ഥാപനങ്ങളെ ഹരിതസ്ഥാപനങ്ങളാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്.
- കണ്ണൂർ ജില്ലയിലെ 110 ഓഫീസ് കോംപ്ലെക്സുകളെ ഹരിതസ്ഥാപനങ്ങളാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്.
- എറണാകുളം ജില്ലയിലെ 69 കമ്മ്യൂണിറ്റി ഹാളുകളെ ഹരിതസ്ഥാപനങ്ങളാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്.
- കാസറഗോഡ് ജില്ലയിൽ തിരഞ്ഞെടുത്ത 500 സ്ഥാപനങ്ങളിലും ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.
- കണ്ണൂർ ജില്ലയിൽ തിരഞ്ഞെടുത്ത 841 സ്ഥാപനങ്ങളിൽ 688 സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് ബദൽ സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മുഴുവൻ സർക്കാർ ഓഫീസുകൾക്കും ഹരിത പെരുമാറ്റ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മികച്ച സർക്കാർ കാര്യാലയങ്ങൾ, ശരാശരി നിലവാരം പുലർത്തുന്നവ, വളരെ മോശം എന്ന് രീതിയിൽ മൂന്നായി തരം തിരിച്ച് ഹരിത ഓഫീസ് പുരസ്കാരം സമ്മാനിക്കും.
- കോഴിക്കോട് ജില്ലയിൽ ഹരിത വിദ്യാലയം ശുചിത്വ വിദ്യാലയം പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള 45 സ്കൂളുകൾക്ക് 10 സ്റ്റാർ ശുചിത്വ ഗ്രേഡിംഗ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ 1000 സ്ഥാപനങ്ങൾ ഹരിത സ്ഥാപനങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്. ജില്ലയിലെ എല്ലാ കെ.എസ്.എഫ്.ഇ ബ്രാഞ്ചുകളും/ഓഫീസുകളും ഹരിത ഓഫീസ് ആയി മാറ്റാനുണ്ട്. കൊല്ലം ജില്ലയിൽ ജില്ലയിൽ 293 സ്കൂളുകൾ ഹരിത വിദ്യാലയം ആയി മാറ്റുന്നതിനും എല്ലാ കോളേജുകളും ഹരിതക്യാമ്പസ് ആക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്.
- സെപ്റ്റംബർ മാസം വരെ ആകെ 1558 സ്ഥാപനങ്ങളെ ഹരിതസ്ഥാപനങ്ങളാക്കി പ്രഖ്യാപനം നടത്തിയിട്ടുണ്ട്.
- മുൻകാലങ്ങളിൽ ഹരിതസ്ഥാപനങ്ങളാക്കി പ്രഖ്യാപനം നടത്തിയ 1338 സ്ഥാപനങ്ങൾ ഇപ്പോഴും ഹരിതചട്ടം പാലിച്ച് ഹരിതസ്ഥാപനമായി പ്രവർത്തിക്കുന്നവയാണ്.

### 8) ഹരിത ടൂറിസം

കേരളത്തിൽ കൂടുതൽ ജനങ്ങൾ എത്തിച്ചേരുന്ന/സഞ്ചരിക്കുന്ന സ്ഥലങ്ങളിലെല്ലാം ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കേണ്ടത് അനിവാര്യമായി മാറിക്കൊണ്ടിരിക്കുകയാണ്. ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ച് കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 78 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ ഡിസംബർ 31 നു മുൻപ് മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- ടൂറിസ്റ്റ് ടെസ്റ്റിനേഷനുകൾ ഹരിതം ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആക്കുന്നതിനുവേണ്ടി ഹരിത കേരളം മിഷൻ നേരിട്ട് 26 യോഗങ്ങൾ സെപ്റ്റംബർ മാസം നടത്തിയിട്ടുണ്ട്. ഇതിൽ 6 ജില്ലാ തല യോഗങ്ങളും, 2 ബ്ലോക്ക് തല യോഗങ്ങളും 19 തദ്ദേശ സ്വയംഭരണ സ്ഥാപനതല യോഗങ്ങളും ഉൾപ്പെടുന്നു. സെപ്റ്റംബർ മാസം കൂടിയ യോഗങ്ങളിൽ 90 ജനപ്രതിനിധികളും 119 ഉദ്യോഗസ്ഥരും 61 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 270 പേർ പങ്കെടുത്തിട്ടുണ്ട്.
- മുൻ മാസത്തിൽ 69 ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ ആണ് തിരഞ്ഞെടുത്തിരുന്നത് ഈ മാസത്തിൽ പുതുതായി 9 ഡെസ്റ്റിനേഷനുകൾ കൂടെ തിരഞ്ഞെടുത്തിട്ടുണ്ട്.

- ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്.
- ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതു സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.
- സെപ്റ്റംബർ മാസത്തെ പ്രവർത്തനങ്ങളിൽ വിനോദ സഞ്ചാരകേന്ദ്രത്തിന്റെ അവസ്ഥ പഠനം എല്ലാ ജില്ലകളിലും നടന്നു വരുന്നു.
- വിനോദ സഞ്ചാരകേന്ദ്രത്തിന്റെ നിലവിലുള്ള സ്ഥിതി, സാധ്യത, പരിമിതി എന്നിവയും നിലവിലുള്ള പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള മുൻഗണന നിശ്ചയിക്കലും സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുവാനുള്ള ഇടപെടലുകളും ജില്ലകളിൽ നടന്നു വരുന്നു.
- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.

### 9) വിജ്ഞാന വിസ്മയമൊരുക്കി അടിമാലിയിലെ 'നീലക്കുറിഞ്ഞി'

- ഹരിതകേരളം മിഷനും ജില്ലാ പഞ്ചായത്തും സംയുക്തമായി അടിമാലി ഗവ.ഹൈസ്കൂളിനോട് ചേർന്ന് ഒരുക്കിയിട്ടുള്ള 'നീലക്കുറിഞ്ഞി' ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രത്തിന്റെ ഉദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു. സെപ്റ്റംബർ 23 ന് അടിമാലി ഗവ. ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ടി ബിനു, നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ സീമ എന്നിവർ പങ്കെടുത്തു.
- മൂന്നാറിലും പരിസര പ്രദേശങ്ങളിലും എത്തുന്ന സന്ദർശകർക്ക് പ്രദേശത്തെ ജൈവവൈവിധ്യ സവിശേഷതകളെക്കുറിച്ച് അറിവ് പകർന്നു നൽകുകയാണ് നീലക്കുറിഞ്ഞി പദ്ധതിയുടെ ലക്ഷ്യം. ത്രിഡി മോഡലുകൾ, മാപ്പുകൾ, ഇൻഫർമേഷൻ ഡിസ്പ്ലേകൾ, ഓഡിയോ വിഷ്വൽ യൂണിറ്റുകൾ, ഇന്ററാക്ടീവ് കിയോസ്കുകൾ, ഛായാ ചിത്രങ്ങൾ തുടങ്ങിയവ ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.
- രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയാണ് നീലക്കുറിഞ്ഞി കേന്ദ്രത്തിന്റെ പ്രവർത്തന സമയം. തിങ്കളാഴ്ച അവധിയായിരിക്കും. കുട്ടികൾക്ക് 10 രൂപയും മുതിർന്നവർക്ക് 20 രൂപയുമാണ് ടിക്കറ്റ് നിരക്ക്.
- യു.എൻ.ഡി.പി പദ്ധതിയുടെ ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ് പ്രോജക്റ്റിന്റെ ഭാഗമായി അമ്പത് ലക്ഷം രൂപ ചിലവിട്ടാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്.
- ത്രിമാന മാതൃകകൾ, മുള കൊണ്ട് നിർമിച്ച ഗേറ്റും മുള കൈവരികളും, പുല്ല് മേഞ്ഞ കുടിൽ മാതൃകയിൽ നിർമിച്ച പ്രവേശന കവാടം, ഭീമൻ ചിതൽപ്പുറ്റിനുള്ളിലൂടെ നിർമിച്ചിരിക്കുന്ന തുരങ്കം, നിത്യ ഹരിതവനങ്ങൾ, മലമുഴക്കി വേഴാമ്പൽ, രാജമലയിലെ പാറക്കെട്ടുകളുടെയും വരയാടുകളുടെയും മലയണ്ണാന്റെയും ത്രിമാന മാതൃകകൾ തുടങ്ങി നിരവധി വിസ്മയ കാഴ്ചകളാണ് ജൈവവൈവിധ്യ കേന്ദ്രത്തിൽ ഒരുക്കിയിട്ടുള്ളത്.
- ആദിവാസി ഗോത്രജീവിതത്തിന്റെ സവിശേഷതകൾ തൊട്ടറിയാൻ കഴിയുംവിധത്തിൽ അത്യന്തം സൂക്ഷ്മതയോടെ സജ്ജീകരിച്ച മുതുവാൻ വിഭാഗത്തിന്റെ വീടും വീട്ടുപകരണങ്ങളും ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിലെ പ്രധാന ആകർഷണമാണ്.

- ❖ മൂന്നാറിലെ 15 ജൈവ വൈവിധ്യ ഹോട്ട്സ്പോട്ടുകളുടെ സ്ഥാനം കൃത്യമായി രേഖപ്പെടുത്തിയ ത്രിമാന ഭൂപടവും ഈ പ്രദേശങ്ങളെ സംബന്ധിച്ച അധികവിവരങ്ങളും നൽകിയിട്ടുണ്ട്.
- ❖ സന്ദർശകർക്ക് സ്വയം പ്രവർത്തിപ്പിക്കാൻ കഴിയുന്ന രണ്ട് ഇന്ററാക്ടീവ് ടച്ച് സ്ക്രീൻ കിയോസ്കുകൾ കേന്ദ്രത്തിലൊരുക്കിയിട്ടുണ്ട്.

### 10) മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ

കേരളത്തെ 2024ഓടെ സമ്പൂർണ മാലിന്യമുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ 2023 മാർച്ചിൽ ആരംഭിച്ച മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ സംസ്ഥാനത്തു ശ്രേദ്ധേയമായ മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട്.

| മാലിന്യം മുക്തം നവകേരളം കാമ്പയിനിൽ(മാർച്ച് മുതൽ) | |
|---|---|
| കാമ്പയിനിൽ വൃത്തിയാക്കിയിട്ടുള്ള സ്പോട്ടുകൾ- എണ്ണം | 5616 |
| അജൈവ മാലിന്യ ശേഖരണം നടത്തുന്ന വീടുകളുടെഎണ്ണം (സെപ്റ്റംബർ) (ലക്ഷം) | 79.8 |
| അജൈവ മാലിന്യ ശേഖരണം നടത്തുന്ന സ്ഥാപനങ്ങളുടെ എണ്ണം (സെപ്റ്റംബർ) (ലക്ഷം) | 7.5 |
| ഹരിതകർമ്മസേനങ്ങളുടെ എണ്ണം (സെപ്റ്റംബർ) | 34557 |
| യൂസർഫീ കളക്ഷൻ (സെപ്റ്റംബർ) (കോടി) | 25.68 |

### 11) ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കു വേണ്ടി ഹരിത കേരളം മിഷൻ നേരിട്ട് ഇടപെട്ടതും ഭാഗഭാക്കായതുമായ 966 യോഗങ്ങൾ സെപ്റ്റംബർ മാസം നടന്നിട്ടുണ്ട്. ഇതിൽ 43 ജില്ലാ തല യോഗങ്ങളും, 60 ബ്ലോക്ക് തല യോഗങ്ങളും 747 തദ്ദേശ സ്വയംഭരണ സ്ഥാപനതല യോഗങ്ങളും 116 സ്ഥാപനത്തല യോഗങ്ങളും ഉൾപ്പെടുന്നു. സെപ്റ്റംബർ മാസം കൂടിയ യോഗങ്ങളിൽ 2939 ജനപ്രതിനിധികളും 2290 ഉദ്യോഗസ്ഥരും, 7474 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 12703 പേർ പങ്കെടുത്തിട്ടുണ്ട്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 16 ശില്പശാലകൾ സംഘടിക്കപ്പെട്ടിട്ടുണ്ട്. ഈ ശില്പശാലകളിൽ 832 പേർ പങ്കെടുത്തിട്ടുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കു വേണ്ടി ഹരിത കേരളം മിഷൻ നേരിട്ട് 2 പരിശീലനം നടത്തിയിട്ടുണ്ട്. 2 പരിശീലനത്തിലും കൂടി 43 പേർ പങ്കെടുത്തിട്ടുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി 632 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. ഇത്തരം ഇടപെടലുകളുടെ ഭാഗമായി സെപ്റ്റംബർ മാസത്തിൽ 5875 പേരുടെ ജനപങ്കാളിത്തം മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കു വേണ്ടി വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

- ❖ 15311 മിനി മെറ്റീരിയൽ കളക്ഷൻ സെൻററുകൾ (എം.സി.എഫ്)
- ❖ 1313 മെറ്റീരിയൽ കളക്ഷൻ സെൻററുകൾ (എം.സി.എഫ്)
- ❖ 138 റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)
- ❖ സെപ്റ്റംബർ മാസത്തിൽ 851.829 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും 1456.825 ടൺ നിഷ്ക്രിയ മാലിന്യങ്ങളും 23.004 ടൺ ഇ-മാലിന്യങ്ങളും 229.736 ടൺ ചില്ല് മാലിന്യവും 6.340 ടൺ തുണി മാലിന്യവും 562 കിലോഗ്രാം ആപൽക്കരമായ മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ 15.128 ടൺ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുകയും ചെയ്തു.
- ❖ റിപ്പോർട്ട് മാസത്തിൽ യൂസർഫീ ഇനത്തിൽ 25.68 കോടി രൂപയുടെ വരുമാനം ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുണ്ട്.

- ❖ റിപ്പോർട്ട് മാസത്തിൽ ഒരു ഹരിത കർമ്മസേന അംഗത്തിന് 7431 രൂപ ശരാശരി പ്രതിമാസ വരുമാനമായി ലഭിച്ചതായി കണക്കാക്കുന്നു. ഇതുകൂടാതെ ക്ലീൻ കേരള കമ്പനിയ്ക്കും സ്വകാര്യ ഏജൻസികൾക്കും പാഴ് വസ്തുക്കൾ നൽകുന്നത് വഴിയും വരുമാനം ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്.
- ❖ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള 79.80 ലക്ഷം വീടുകളിൽ നിന്നും ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട് കൂടാതെ സംസ്ഥാനത്തെ 7.5 ലക്ഷം സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മ സേന വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്. (വാർ റൂം ഡാറ്റ)
- ❖ മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് 592 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- ❖ സെപ്തംബർ മാസത്തിൽ ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 69.6 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- ❖ ജൈവ മാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണമാണ് പ്രോത്സാഹിപ്പിക്കുന്നതെങ്കിലും 57 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേന വീടുകളിൽ നിന്നും ജൈവ മാലിന്യം ശേഖരിക്കുന്നുണ്ട്.
- ❖ റെൻഡറിങ് പ്ലാൻറുകൾ മുഖേന മാത്രം കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് എല്ലാ ജില്ലകളിലും സ്വകാര്യ പങ്കാളിത്തത്തോടെ കോഴി അറവ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള 40 റെൻററിംഗ് പ്ലാൻറുകൾ പ്രവർത്തിച്ചുവരുന്നു.
- ❖ പത്തനംതിട്ട ജില്ലയിലെ മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി നിരണം ഗ്രാമപഞ്ചായത്ത് ഹരിതകർമ്മ സേനയ്ക്ക് 13 ട്രോളികൾ നൽകിയിട്ടുണ്ട്.
- ❖ ഗ്രീൻ ബ്രിഗേഡ് - കണ്ണൂർ ജില്ലയിൽ പരിസ്ഥിതി സംരക്ഷണത്തിനായി എടത്തൊട്ടി ഡി പോൾ കോളേജ്, ശ്രീകണ്ഠപുരം SES കോളേജ് എന്നിവിടെങ്ങളിൽ ഗ്രീൻ ബ്രിഗേഡുകൾ നവകേരളം കർമപദ്ധതിക്ക് കീഴിൽ സജ്ജമാവുകയാണ്.
- ❖ ചെറിയ മയിലാടുംപാറ ശുചീകരിച്ചു - മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ഗ്രീൻ ബ്രിഗേഡിന്റെ നേതൃത്വത്തിൽ പേരാവൂർ പഞ്ചായത്തിലെ ചെറിയ മയിലാടുംപാറ ടൂറിസം കേന്ദ്രം വൃത്തിയാക്കി.
- ❖ തൃശ്ശൂർ ജില്ലയിൽ മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ വിദ്യാർത്ഥി യുവജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതുമായി IES എഞ്ചിനീയറിങ് കോളേജ് ചിറ്റിലപ്പിള്ളിയിൽ വച്ച് യുവജനസദസ് സംഘടിപ്പിച്ചു.
- ❖ ഓസോൺ ദിനാചരണം - എറണാകുളം ജില്ലയിൽ സെപ്റ്റംബർ 16 ഓസോൺ ദിനത്തോടനുബന്ധിച്ച് യുവജന പങ്കാളിത്തത്തോടു കൂടി ശുചീകരണ പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടത്തി. ഇതിന്റെ ഭാഗമായി ഫ്ലാഷ് മോബ്, റാലി, മൈം, ബീച്ചിൽ മൺ പ്രതിമ നിർമ്മാണം, ബോധവത്കരണ നോട്ടീസ് വിതരണം, പൂന്തോട്ട നിർമാണം, സൈക്കിൾ റാലി, ചുവരെഴുത്ത് തുടങ്ങി വിവിധങ്ങളായ പരിപാടികളും നടത്തി. 3500 പേർ 28 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ഓസോൺ ദിനാചാരണത്തോട് അനുബന്ധിച്ച് നടത്തിയ കാമ്പയിനിൽ പങ്കാളികളായി.
- ❖ കളമശ്ശേരി-ഫ്ലീ മാർക്കറ്റ്-ശുചിത്വത്തിനൊപ്പം കളമശ്ശേരി ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി കളമശ്ശേരി നഗരസഭ, ആലങ്ങാട് ഗ്രാമപഞ്ചായത്ത്, കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ പുനരുപയോഗ യോഗ്യമായ വസ്തുക്കളുടെ കളക്ഷൻ ഡ്രൈവ് സംഘടിപ്പിച്ചു.
- ❖ സെന്റ് തെരേസാസ് കോളേജ് എറണാകുളം, മഹാരാജാസ് കോളേജ് എറണാകുളം, എഫ് എം സി റ്റി ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലും പുനരുപയോഗ യോഗ്യമായ വസ്തുക്കളുടെ

ശേഖരണം നടത്തി. ഇതിന്റെ ഭാഗമായി 250കിലോഗ്രാം തുണി, നൂറ്റമ്പതോളം പുസ്തകങ്ങൾ, 50 സ്റ്റീൽ പത്രങ്ങൾ, കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ എന്നിവ ശേഖരിക്കാൻ കഴിഞ്ഞു.

- ❖ ആറന്മുള വള്ളംകളി മഹോത്സവത്തിന് ഹരിതചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, പമ്പാ നദി കടവുകൾ ഹരിതകർമ്മസേന വൃത്തിയാക്കി, ബോധവൽക്കരണ നോട്ടീസുകൾ വിവരണം ചെയ്തു, ഓല കൊണ്ടുള്ള വല്ലങ്ങൾ വഴി ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ MCF ലേക്ക് നീക്കം ചെയ്തു.
- ❖ ആലപ്പുഴ ജില്ലയിൽ പാഴ്ത്തുണികൾ ഉപയോഗിച്ച് ചവിട്ടി, തുണിസഞ്ചി തുടങ്ങിയവ നിർമ്മിക്കുക, പുനരുപയോഗത്തിലൂടെ മാലിന്യ സംസ്കരണ പ്രവർത്തങ്ങളിലുള്ള സാദ്ധ്യത മനസിലാക്കികൊടുക്കാനും ഹരിതകർമ്മ സേന അംഗങ്ങൾക്കു 15 ദിവസം നീണ്ടുനിന്ന തുണിമലിന്യ പുനചക്രമണ പരിശീലന പരിപാടി നടത്തിയിട്ടുണ്ട്.
- ❖ ആലപ്പുഴ ജില്ലയിലെ 37 ഗ്രാമ പഞ്ചായത്തുകളിലും ഒരു നഗരസഭയിലും ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ശേഖരിച്ച 62 ടൺ തുണിമാലിന്യം ആലപ്പുഴ ആസ്ഥാനമായി പ്രവർത്തിക്കുന്ന TAGS എന്ന ഏജൻസിക്ക് കൈമാറി.
- ❖ കാസർഗോഡ് ജില്ലയിൽ മാലിന്യമുക്ത നവകേരളം കാമ്പയിൻ ഭാഗമായി ജില്ലയിൽ യൂത്ത് ടീം സജ്ജരായിട്ടുണ്ട്.
- ❖ നഗരൂർ ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കിളിമാനൂർ ബ്ലോക്ക് പരിധിയിലെ നഗരൂർ, കരവാരം, പുളിമാത്ത്, പഴയ കുന്നമ്മൽ, കിളിമാനൂർ ഗ്രാമപഞ്ചായത്തുകളിലെ ഹരിത കർമ്മ സേന അംഗങ്ങൾക്ക് നേത്ര, ആരോഗ്യ, ദന്തൽ പരിശോധനകൾ ഏകദിന മെഡിക്കൽ കാമ്പിലൂടെ ലഭ്യമാക്കി.
- ❖ വയനാട് ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ 100% വാതിൽപ്പടി ശേഖരണവും 100 ശതമാനം യൂസർഫീയും ഉറപ്പുവരുത്തുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച എന്റെ വാർഡ് 100/100 ക്യാമ്പയിൻ പ്രകാരം ഇതുവരെ പങ്കാളികളായ 7 ഗ്രാമപഞ്ചായത്തുകളിൽ, തരിയോട്, പുൽപ്പള്ളി എന്നീ 2 ഗ്രാമപഞ്ചായത്തുകൾ ലക്ഷ്യം കൈവരിച്ചു.

## 12) വിനോദ സഞ്ചാര മേഖലയിലെ ഇടപെടലുകൾ

### 12 .1) കാനാമ്പുഴ പുനരുജ്ജീവന പദ്ധതി

പുനരുജ്ജീവന പ്രവർത്തനങ്ങളിലൂടെ വീണ്ടെടുത്ത കാനാമ്പുഴയുടെ ടൂറിസം സാധ്യതകളും കാർഷിക മേഖലയിലെ നൂതന സാധ്യതകളും നടപ്പിലാക്കി കാനാമ്പുഴയെ കണ്ണൂരിന്റെ ടൂറിസം ഐക്കണായി ഉയർത്തി കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്.

പ്ലാൻ ഫണ്ട് ഉപയോഗിച്ചു നടത്തുന്ന കാനാമ്പുഴയുടെ പ്രവർത്തനങ്ങളിൽ ചീപ്പ് പാലം മുതൽ ശിശുമന്ദിരം വരെ 80 ശതമാനവും, എം എൽ എ ഫണ്ട് ഉപയോഗിച്ചു നടത്തുന്ന മണ്ടേൻ വയൽ മുതൽ റെയിൽവേപ്പാലം വരെയുള്ള പ്രവൃത്തികളിൽ 63 ശതമാനവും പൂർത്തിയായിട്ടുണ്ട്.

തിരുവനന്തപുരത്ത് വച്ച് നടക്കുന്ന കേരളീയം പരിപാടിയിൽ ജലസംരക്ഷണവുമായി ബന്ധപ്പെട്ട പരിപാടിയിൽ കാനാമ്പുഴ ഒരു പ്രധാന തീം ആയി തിരഞ്ഞെടുത്തിട്ടുണ്ട്. അതിനായി കാനാമ്പുഴയുടെ ഡോക്യുമെന്റേഷനും മുൻഒരുക്കങ്ങളും നടക്കുന്നുണ്ട്.

## 13) പുഴയൊഴുകും മാണിക്കൽ

പുഴയൊഴുകും മാണിക്കൽ പദ്ധതിയുടെ ഭാഗമായി താമരഭാഗം ഏലായിലെ 50 സെന്റിൽ ആരംഭിച്ച താമരകൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പദ്ധതിയുടെ ഭാഗമായി വിവിധതരം പൂക്കളുടെ കൃഷി, നെൽകൃഷി എന്നിവയും നടന്നുവരുന്നു. താമര പാടങ്ങൾ കാണുന്നതിന് വിനോദ സഞ്ചാരികൾ വന്നു തുടങ്ങിയത് പ്രാദേശിക ടൂറിസം സാദ്ധ്യതകൾക്കു ഉണർവ് പകർന്നിട്ടുണ്ട്

.

### 14)കബനിക്കായി വയനാട്

വയനാട് ജില്ലയിലെ 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ കബനി നദി വീണ്ടെടുക്കുന്നതിനായിട്ടുള്ള ഒരു ജനകീയ കാമ്പയിന് രൂപം നൽകിയിട്ടുണ്ട്. ജലസംരക്ഷണം, മാലിന്യ സംസ്കരണം, ടൂറിസം, കൃഷി എന്നീ മേഖലകളെ കബനി നദിയുമായി ബന്ധപ്പെടുത്തി തുടർപ്രവർത്തനങ്ങൾ നടന്നു വരുന്നു.

- ❖ വൈത്തിരി ഗ്രാമപഞ്ചായത്തിലും പൊഴുതന ഗ്രാമപഞ്ചായത്തിലും മാപ്പിംഗിലൂടെ കണ്ടെത്തിയ മുഴവൻ നീർച്ചാലുകളും വീണ്ടെടുക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹായത്തോടെ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ജനകീയ പങ്കാളിത്തത്തോടെ പന്ത്രണ്ടാം പാലം തോട്, ചേലോട് തോട്, പൊഴുതന പഞ്ചായത്തിലെ പുലരിതോട് എന്നിവിടങ്ങളിൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടക്കുന്നു.
- ❖ വൈത്തിരി പഞ്ചായത്തിലെ അമ്മാറ-ചേലോടു തോടിന്റെ 1300 മീറ്റർ ഭാഗം നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പഞ്ചായത്ത്, നവകേരള മിഷൻ, പൂക്കോട് വെറ്റിനറി കോളേജും ചേർന്ന് ആവാസ വ്യവസ്ഥ പഠനം നടത്തി വരുന്നു.

### 15) മഞ്ഞപ്പുഴ രാമൻപുഴ സമഗ്രവികസന പദ്ധതി

ബാലുശ്ശേരി നിയോജക മണ്ഡലം മഞ്ഞപ്പുഴ രാമൻ പുഴ സമഗ്ര വികസനത്തിനായി ഏറ്റെടുത്ത പ്രവർത്തനത്തിൽ ഹരിതകേരളം മിഷൻ സംസ്ഥാന ടീം ടെക്നിക്കൽ വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്. ബാലുശ്ശേരി മണ്ഡലം ശില്പശാല പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തല ശില്പശാലകൾ നടന്നുവരുന്നു. ശില്പശാലകളുടെ വിവരങ്ങൾ സംഗ്രഹിച്ച് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കാനാണ് ധാരണ.

### 16) കരീപ്ര പാറക്വാറി റീചാർജ്ജ്

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ അനെർട്ടിന്റെ സാങ്കേതിക സഹായം പ്രയോജനപ്പെടുത്തി ഹരിതകേരളം മിഷന്റെ ഏകോപനത്തോടെ ഉളവുകോട് 20 ഏക്കറോളം വിസ്തൃതിയിലുള്ള പാറക്വാറിയിൽ ലഭ്യമായ വലിയ തോതിലുള്ള ജലം, കൃഷിക്കും മറ്റ് അനുബന്ധ ആവശ്യങ്ങൾക്കുമായി പ്രയോജനപ്പെടുത്തുന്ന പദ്ധതിക്ക് തുടക്കമാവുകയാണ്. പ്രദേശത്തെ തരിശുരഹിത ഗ്രാമമായി നിലനിർത്താൻ ഹരിതതീർത്ഥം എന്ന ഈ പദ്ധതി സഹായകരമാകും. പാറക്വാറിയിലെ വെള്ളത്തിന്റെ അളവ് മറൈൻ സർവ്വേ ഡിപ്പാർട്മെന്റ് ഹൈഡ്രോളജിസ്റ്റും ഉദ്യോഗസ്ഥരും അളന്ന 26 മീറ്റർ ആഴം ഉണ്ടെന്ന് തിട്ടപ്പെടുത്തി. വെള്ളത്തിന്റെ ക്വാളിറ്റി ടെസ്റ്റ് റിസൾട്ട് ഉടൻ ലഭിക്കും.

### 17) ശുചിത്വസാഗരം

കടലിലേക്കുള്ള പ്ലാസ്റ്റിക്കിന്റെ ഒഴുക്ക് തടയുന്നതിനും കടലിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമായി നവകേരളം കർമ്മപദ്ധതിയുടെ ഏകോപനത്തിൽ കൊല്ലം ജില്ലയിലെ തീരദേശ തദ്ദേശ സ്ഥാപനങ്ങളും റീസിറ്റി(NGO)യുമായി ചേർന്ന് പ്രഥമിക പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തീരദേശ മേഖലയിൽ ഉൾപ്പെടുന്ന തദ്ദേശസ്ഥാപനങ്ങളുടെയും, ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ്, ശുചിത്വ മിഷൻ, ക്ലീൻകേരള കമ്പനി, റീസിറ്റി ബോട്ട് ഉടമകളുടെ അസ്സോസ്സിയേഷൻ എന്നിവരുമായി ചേർന്ന് പ്രത്യേക യോഗങ്ങൾ ചേർന്ന് തുടർ പ്രവർത്തനം ആസൂത്രണം ചെയ്തിട്ടുണ്ട്.

# ലൈഫ് മിഷൻ

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2023 സെപ്റ്റംബറിൽ ലൈഫ് മിഷൻ മുഖേന നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ചുവടെച്ചേർക്കുന്നു.

**ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ**

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2017 മുതൽ 30.09.2023 വരെ 3,54,712 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ലൈഫ് പുരോഗതി ഒറ്റനോട്ടത്തിൽ 2017 മുതൽ 30.09.2023വരെ**

| നം | ലൈഫ് മിഷൻ / വകുപ്പുകൾ | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | ലൈഫ് ഒന്നാംഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 52,680 |
| 2 | ലൈഫ്രണ്ടാംഘട്ടം (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം), പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ),വിവിധ വകുപ്പുകൾമുഖേന | 2,55,029 |
| 3 | ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 22,928 |
| 4 | അഡീഷണൽ ലിസ്റ്റ് (എസ്സി/എസ്.ടി/ ഫിഷറീസ്) | 23,432 |
| 5 | ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 643 |
| **ആകെ** | | 3,54,712 |

**വ്യക്തിഗത ഭവനങ്ങൾ**

ഈ സർക്കാരിന്റെ കാലയളവിൽ 92,581 ലൈഫ് ഗുണഭോക്തൃ കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,20,579 വീടുകൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

**ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി 2022-23 വർഷത്തെ പുരോഗതി വിശദാംശം വ്യക്തിഗത ഭവനം**

ഭൗതികലക്ഷ്യം 2022-23 (ബജറ്റ് പ്രഖ്യാപനം) - 1,06,000
കരാറിലേർപ്പെട്ടവരുടെ എണ്ണം - 1,06,864
31.03.2023 വരെ പൂർത്തീകരിച്ച വീടുകൾ - 54,648

**ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി 2023-24 വർഷത്തെ പുരോഗതി വിശദാംശം വ്യക്തിഗത ഭവനം**

ഭൗതികലക്ഷ്യം 2023-24 (ബജറ്റ് പ്രഖ്യാപനം) - 71,861
കരാറിലേർപ്പെട്ടവരുടെ എണ്ണം - 1,35,251
2023-24 വർഷം പൂർത്തീകരിച്ച വീടുകൾ - 14,672
നിർമ്മാണ പുരോഗതിയിലുള്ള വീടുകൾ - 1,20,579
റൂഫ് - 14,608
ലിൻറിൽ - 15,221
ബേസ്മെൻറ് - 22,645
നിർമ്മാണം ആരംഭിച്ചവർ - 68,105
**ആകെ** - **1,20,579**

**ലൈഫ് 2020- പുരോഗതിവിശദാംശം**

| | |
|---|---|
| **ഭൂമിയുള്ള ഭവനരഹിതർ** | 3,69,262 |
| **ഭൂരഹിത ഭവനരഹിതർ** | 1,96,446 |
| **ആകെ** | 5,65,708 |

**അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)**

വീടില്ലാത്തവരും ഭൂമിയും വീടുമില്ലാത്തവരുമായ അതിദരിദ്രർക്ക്, അവർ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരാണെങ്കിൽ മുൻഗണന നൽകിയും, ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്തവരാണെങ്കിൽ അവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയും ഗവൺമെൻറ് പ്രത്യേകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭവനനിർമ്മാണത്തിനായി കരാർവെച്ച 2842 ഗുണഭോക്താക്കളിൽ 415 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

1. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

വീട് വേണ്ടവർ - 2672
വീടും സ്ഥലവും വേണ്ടവർ - 1482
**ആകെ - 4154**

2. ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടവർ

വീട് വേണ്ടവർ - 5670
വീടും സ്ഥലവും വേണ്ടവർ - 5536
**ആകെ - 11,206**

3. ഭവനനിർമ്മാണത്തിനായി കരാർ വെച്ചവർ - 3,038

ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി ലഭിച്ച ഗുണഭോക്താക്കളിൽ 5423 ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന 247 ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തുന്നതിന് ഐ.കെ.എം.-ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടവർക്ക് ആനുകൂല്യം നൽകി തുടങ്ങി.**

2018-ലും 2022-ലും വായ്പകൾ അനുവദിക്കുന്നതിനായി ലൈഫ് മിഷൻ കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് കൈമാറിയിട്ടുള്ള ഗുണഭോക്തൃ പട്ടികകളിലെ ഫണ്ടഭ്യർത്ഥന നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് പകരം, ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ അർഹിക്കുന്നവർക്ക് ഭവനനിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം 2023 സെപ്റ്റംബർ വരെ 68,719 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

**ലൈഫ് 2020 കരാർവയ്ക്കൽ പുരോഗതി - ജില്ലതിരിച്ച്**

| ജില്ല | അർഹരായവർ | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 43240 | 5478 |
| കൊല്ലം | 33675 | 4525 |
| പത്തനംതിട്ട | 10399 | 3708 |
| ആലപ്പുഴ | 30512 | 6129 |
| കോട്ടയം | 17394 | 4308 |
| ഇടുക്കി | 26299 | 1631 |
| എറണാകുളം | 23345 | 4550 |
| തൃശ്ശൂർ | 27916 | 4457 |

| | | |
|---|---|---|
| പാലക്കാട് | 57949 | 6133 |
| മലപ്പുറം | 33631 | 13309 |
| കോഴിക്കോട് | 20894 | 5609 |
| വയനാട് | 17322 | 1899 |
| കണ്ണൂർ | 12236 | 4249 |
| കാസർഗോഡ് | 14450 | 2734 |
| ആകെ | 369262 | 68719 |

**മനസ്സോടിത്തിരിമണ്ണ്**

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻറെ ഭാഗമായി 2023 സെപ്റ്റംബർ മാസം വരെ 2455.721 സെൻറ് ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1346.487 സെൻറ് ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

**ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി**

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 450 ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. 706 ഗുണഭോക്താക്കളുടെ ഭൂമി രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ രേഖകൾ കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷന് കൈമാറിയിട്ടുണ്ട്.

**ഭവനസമുച്ചയ നിർമ്മാണ പുരോഗതി**

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനഃരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച 29 ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 23 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

# വിദ്യാകിരണം

ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മേഖല അവലോകന യോഗങ്ങൾ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി നടന്നു. സെപ്റ്റംബർ 26 ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളുടെയും സെപ്റ്റംബർ 28 ന് പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളുടെയും അവലോകന യോഗങ്ങൾ നടന്നു.

**ഭൗതിക സൗകര്യ വികസനം**

എറണാകുളം ജില്ലയിൽ എറണാകുളം ജി ജി എൽ പി സ്കൂൾ ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി സെപ്റ്റംബർ ഒമ്പതാം തീയതി ഉദ്ഘാടനം നിർവഹിച്ചു. ആലപ്പുഴ ജില്ലയിൽ ജീ യു പി എസ് തമ്പകച്ചുവട് സ്കൂൾ ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് സെപ്റ്റംബർ അഞ്ചാം തീയതി ഉദ്ഘാടനം നിർവഹിച്ചു.

**മിഷൻ അവലോകന യോഗങ്ങൾ**

ജില്ലകളിൽ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി നടക്കുന്ന അവലോകന യോഗങ്ങളിൽ വിദ്യാകിരണം കോഡിനേറ്റർമാർ പങ്കെടുക്കുകയും ഭൗതിക സൗകര്യ വികസനങ്ങളും അക്കാദമിക വികസനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

**ശിശു സൗഹൃദ ഗണിതശാസ്ത്ര പഠനം**

വിദ്യാഭ്യാസ വകുപ്പിന്റെയും എസ് എസ് കെ യുടെയും ആഭിമുഖ്യത്തിൽ വിദ്യാകിരണം മിഷനും എസ് സി ഇ ആർ ടി മായും ചേർന്ന് 101 സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട സബ് ജില്ലയിൽപ്പെട്ട 10 സ്കൂളുകളിലും സംസ്ഥാനത്തെ എം ആർ എസുകളും കൂടാതെ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലുമാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. മഞ്ചാടിപഠനത്തിന് നേതൃത്വം നൽകുന്ന അഞ്ചാം ക്ലാസിലെ ഗണിത അധ്യാപകർക്കുള്ള സംസ്ഥാനതല ശില്പശാല മൺവിള കാർഷിക സഹകരണ പരിശീലന കേന്ദ്രത്തിൽ സെപ്റ്റംബർ 7,8 തീയതികളിലായി പൂർത്തിയായി. അടുത്ത ബാച്ച് പരിശീലനം 11, 12 തിയ്യതികളിൽ കോഴിക്കോട് വച്ച് നടന്നു.

# ആർദ്രം മിഷൻ

## 1. ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ. പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ. പി പരിവർത്തനം | 17 | 14 (82%) | 0 |
| **താലൂക്ക് ആശുപത്രികളുടെ ഒ. പി പരിവർത്തനം** | | | |
| ഒന്നാം ഘട്ടം | 8 | 6 (75%) | 0 |
| രണ്ടാം ഘട്ടം | 27 | 5 (19%) | 15 |
| മൂന്നാം ഘട്ടം | 8 | 0 | 3 |
| **ആകെ** | **43** | **11 (25%)** | **18** |
| **സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 76 | 46 (61%) | 15 |
| രണ്ടാം ഘട്ടം | 75 | 3 (4%) | 22 |
| **ആകെ** | **151** | **49 (32%)** | **37** |
| **പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 170 | 166 (97%) | 1 |
| രണ്ടാം ഘട്ടം | 504 | 418 (82%) | 27 |
| മൂന്നാം ഘട്ടം | 212 | 60 (28%) | 44 |
| **ആകെ** | **886** | **644 (72%)** | **72** |

## 2. വാർഷിക ആരോഗ്യ പരിശോധന (അൽപം ശ്രദ്ധ ആരോഗ്യം ഉറപ്പ് - ക്യാമ്പയിൻ)

- 30 വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾ സ്ക്രീൻ ചെയ്യാൻ ഒരു സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയിൽ, 01/09/23 മുതൽ 30/09/2023 വരെ 1,46,389 വ്യക്തികളുടെ സർവേ പൂർത്തിയായി. ഇതിൽ 9,326 (6%) പേർക്ക് ക്യാൻസർ സാധ്യത ഉള്ളതായും, 18,325 (13%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ളതായും, 527 (.4%) പേർക്ക് ക്ഷയരോഗ സാധ്യത ഉള്ളതായും, 2,457 (1.6%) പേർക്ക് മറ്റ് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യത ഉള്ളതായും കണ്ടെത്തി കൂടുതൽ പരിശോധനകൾക്കായി റഫർ ചെയ്തിട്ടുണ്ട്.
- ഇത് കൂടാതെ നിലവിൽ രക്താതിമർദ്ദമുള്ള 13,767 (9%) പേരുടേയും പ്രമേഹമുള്ള 10,914 (7%) പേരുടേയും പ്രമേഹവും രക്താതിമർദ്ദവുമുള്ള 5,203 (3%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- സ്ക്രീനിംഗ് വഴി രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണ്ണയം നടത്താനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടന്ന് വരുന്നു. ശൈലി ആപ് ഉപയോഗിച്ച് സർവേ നടത്തുവാനുള്ള പരിശീലനം എല്ലാ ജില്ലകളിലേയും ആശമാർക്ക് നൽകിയിട്ടുണ്ട്.

- ❖ പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ള വ്യക്തികളുടെ സ്ക്രീനിംഗ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തി രക്തത്തിലെ പഞ്ചസാരയുടെ അളവും രക്തസമ്മർദ്ദവും രേഖപ്പെടുത്തുവാനുള്ള സംവിധാനം ശൈലി ആപ്പിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയ സ്ക്രീനിങ്ങിലൂടെ പുതിയതായി 3,21,987 പേർക്ക് രക്താതിമർദ്ദവും 32,793 പേർക്ക് പ്രമേഹവും കണ്ടെത്തിയിട്ടുണ്ട്.
- ❖ വാർഷിക പരിശോധനാ പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലുള്ള മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള മുഴുവൻ വ്യക്തികളുടേയും സർവേയും സ്ക്രീനിങ്ങും പൂർത്തിയാക്കി.

3. **ക്യാൻസർ നിയന്ത്രണ പദ്ധതി**

- ❖ വാർഷിക ആരോഗ്യ പരിശോധനയിൽ, 01/09/23 മുതൽ 30/09/2023 വരെ 1,46,389 വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 9,326 (6%) പേർക്ക് ക്യാൻസർ സാധ്യത കണ്ടെത്തി.
- ❖ ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതൽ ഉള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലയിലെ ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- ❖ കേരളത്തിലെ ആശുപത്രികളെ ബന്ധിപ്പിച്ച് ക്യാൻസർ ഗ്രിഡ് സംവിധാനം തയ്യാറായിട്ടുണ്ട്.
- ❖ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ കെയർ പോർട്ടൽ വഴി സെപ്റ്റംബർ മാസത്തിൽ 256 വ്യക്തികളുടെ കൂടി രജിസ്ട്രേഷൻ പൂർത്തിയായതോടെ, ഈ പോർട്ടൽ വഴി നടത്തുന്ന രജിസ്ട്രേഷനുകളുടെ എണ്ണം 22,181 ആയി.

4. **നിർണ്ണയ - ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക്**

- ❖ എറണാകുളം ജില്ലയിൽ പൂർണ്ണമായും മറ്റ് ജില്ലകളിൽ ഭാഗികമായും ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ച് കൊണ്ടുള്ള നെറ്റ്‌വർക്കിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. AMR സാമ്പിളുകൾ, കാൻസർ സ്ക്രീനിങ്, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ് മുതലായവ ഈ സംവിധാനം വഴി പരിശോധിക്കാനാകും.
- ❖ ഹബ്ബ് ലാബുകളുടെയും സ്പോക്കുകളുടെയും മാപ്പിംഗ് ജില്ലാ തലത്തിൽ പൂർത്തിയായി.
- ❖ എഎംആർ ലാബുകളുമായി ബന്ധപ്പെട്ട തടസ്സങ്ങൾ അവലോകനം ചെയ്യാൻ സംസ്ഥാന തല യോഗം ചേർന്നു.
- ❖ ഹബ്ബ് & സ്പോക്ക് ലാബുകൾക്കായുള്ള ഗതാഗത മാതൃകകൾ ജില്ലാ ആവശ്യങ്ങൾക്കനുസരിച്ച് വികസിപ്പിക്കുന്നു.
- ❖ പദ്ധതിയുടെ പ്രവർത്തന മാർഗരേഖ 2023 ജൂലൈയിലും ലാബ് മാനേജ്മെന്റ് കമ്മിറ്റി മാർഗരേഖ 2023 സെപ്റ്റംബറിലും പുറപ്പെടുവിച്ചു.
- ❖ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സ്റ്റേറ്റ്/റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് ഡെവലപ്മെന്റ്, ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുവാൻ തീരുമാനമായിട്ടുണ്ട്.

5. **വയോജന-സാന്ത്വന പരിചരണം**

- ❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി.
- ❖ സംസ്ഥാനത്ത് 1,110 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,41,755 രോഗികൾക്കും 322 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 38,417 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു.

- 1/09/2023 മുതൽ 30/09/2023 വരെയുള്ള കണക്ക് പ്രകാരം 1,46,389 പേരുടെ സ്ക്രീനിംഗ് പൂർത്തിയായതിൽ, 1011 കിടപ്പുരോഗികളും 1606 ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 41103 വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകന്റെ സേവനം ലഭ്യമാക്കുവാനും സാധിക്കുന്നതാണ്.
- എല്ലാ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
- ആയുർവേദ, ഹോമിയോ ചികിത്സാ ശാഖകളുടെ സാധ്യതകൾ കൂടി സാന്ത്വന പരിചരണ രംഗത്ത് ഉപയോഗപ്പെടുത്താനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന Community Based Organisations (CBOs) ന് രജിസ്ട്രേഷൻ നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.
- സാമൂഹിക സന്നദ്ധസേന പോർട്ടൽ വഴി സാന്ത്വന പരിചരണത്തിൽ താൽപര്യമുള്ള വോളന്റിയർമാരെ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ട്.
- സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനായി ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു.

### 6. ഏകാരോഗ്യ സമീപനം (One Health Initiative)

- വൺ ഹെൽത്ത് പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിച്ചു.
- വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കി.
- പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്ക് കേരള പുനർനിർമ്മാണ പദ്ധതിയുടേയും (RKI) ലോക ബാങ്കിന്റെയും സഹായം ലഭ്യമായിട്ടുണ്ട്. ഈ നാല് ജില്ലകളിലും നോഡൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തു.
- ആർദ്രം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി കർസാപ് - വൺ ഹെൽത്ത് -ആർ.കെ.ഐ ഇനിഷ്യേറ്റീവ് എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പാക്കി വരുന്നു.
- സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് രാജ്യത്ത് ആദ്യമായി ബ്ലോക്ക്തല ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കമ്മിറ്റികൾക്കുള്ള എസ്.ഒ.പി. പുറത്തിറക്കി. ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ രൂപീകരണം, ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, നിരീക്ഷണം എന്നിവ സംബന്ധിച്ച സമഗ്ര മാർഗരേഖയാണ് പുറത്തിറക്കിയത്.
- സംസ്ഥാന തലത്തിൽ സെന്റർ ഫോർ വൺ ഹെൽത്ത് സ്ഥാപിക്കുന്നതിനും ജില്ലാ തലത്തിൽ District Programme Management & Support Unit (DPSU)-കളും സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- പത്തനംതിട്ട ജില്ലയിൽ ലോക ബാങ്ക് ആദ്യ വർഷത്തേക്ക് നിശ്ചയിച്ച എല്ലാ സൂചകങ്ങളും ജില്ല നേടി എടുത്തിട്ടുണ്ട്, വൺ ഹെൽത്ത് ജില്ലാ മെന്റർമാരെ നിയോഗിച്ചു. 50 തദ്ദേശ സ്ഥാപനങ്ങളിൽ വൺ ഹെൽത്ത് കമ്മിറ്റി രൂപീകരിച്ചു.
- കോട്ടയം ജില്ലയിൽ ജില്ലാ എ.എം.ആർ ലാബ് ആരംഭിച്ചു. ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി പ്രിസ്ക്രിപ്ഷൻ കൂടാതെ മരുന്നുകൾ നൽകരുതെന്ന നിർദ്ദേശം മെഡിക്കൽ ഷോപ്പുകൾക്ക് നൽകിയിട്ടുണ്ട്. എല്ലാ മെഡിക്കൽ ഷോപ്പുകളിലും ഇത് സംബന്ധിച്ച ബോർഡുകൾ സ്ഥാപിച്ചു. ആഫ്രിക്കൻ ഒച്ചുകളുടെ ശല്യം രൂക്ഷമായ സ്ഥലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ “പാഠം ഒന്ന് ഒച്ച്” എന്ന ക്യാമ്പയിൻ നടത്തി.
- ആലപ്പുഴ ജില്ലയിൽ ജില്ലാ തല മെന്റർമാരെ നിയമിച്ച് പരിശീലനം നൽകി.
- ഇടുക്കി ജില്ലയിൽ 12 ജില്ലാ മെന്റർമാരുടെ പരിശീലനം പൂർത്തിയായി. അടുത്ത ഘട്ടത്തിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കമ്യൂണിറ്റി മെന്റർമാരുടെ തെരഞ്ഞെടുപ്പും പരിശീലനവും നടത്തി സമൂഹാധിഷ്ഠിത രോഗനിരീക്ഷണ സംവിധാനം രൂപപ്പെടുത്തുന്നതാണ്.

- ❖ മലപ്പുറം ജില്ലയിൽ എല്ലാ ബ്ലോക്കിലും എ എം ആർ കമ്മിറ്റി രൂപീകരിച്ചു. പബ്ലിക് ഹെൽത്ത് ലാബിൽ എ എം ആർ ലാബ് സംവിധാനം സ്ഥാപിച്ച് കൾച്ചർ ടെസ്റ്റുകൾ ആരംഭിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ശക്തമായി നടന്നു വരുന്നു. ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ജന്തുജന്യ രോഗങ്ങൾക്കെതിരായ നിരീക്ഷണവും പ്രതിരോധ പ്രവർത്തനങ്ങളും ശക്തമായി നടന്നു വരുന്നു. കോഴിക്കോട് ജില്ലയിൽ നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രകാരം വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തുടർച്ചയായ സർവൈലൻസ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.
- ❖ വയനാട് ജില്ലയിൽ ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ COHEART സെന്ററുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ വിവിധ വകുപ്പുകളുടെ ആലോചനാ യോഗം നടത്തി.
- ❖ എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

7. **രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)**

- ❖ മന്ത്, മലേറിയ, ക്ഷയം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ മന്ത് രോഗം, കാലാ അസാർ എന്നീ രണ്ട് രോഗങ്ങളുടെ എലിമിനേഷൻ പ്രക്രിയ പൂർത്തിയാക്കി.
- ❖ പത്തനംതിട്ട ജില്ലയിൽ വാർഡ്, പഞ്ചായത്ത് തല മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായി.
- ❖ കോട്ടയം ജില്ലയിലെ 77 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലമ്പനി മുക്തമാണ്.
- ❖ ആലപ്പുഴ ജില്ലയിൽ രോഗനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി മന്ത് രോഗ നിയന്ത്രണ ക്ലിനിക്കുകൾ, വെക്റ്റർ നിയന്ത്രണ പ്രവർത്തനങ്ങൾ, സർവ്വേ, സ്ക്രീനിംഗ് തുടങ്ങിയവ കൃത്യമായി നടന്നു വരുന്നു.
- ❖ ഇടുക്കി ജില്ലയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി 2021-22 ൽ 40% ന് മുകളിൽ ക്ഷയരോഗത്തിന്റെ ഇൻസിഡൻസ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന് സബ്-നാഷണൽ സർട്ടിഫിക്കേഷനിൽ സിൽവർ മെഡൽ ലഭിക്കുകയുണ്ടായി.
- ❖ തൃശ്ശൂർ ജില്ലയിൽ കാലാ അസർ കേസുകൾ ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടില്ല. മന്ത്, മലേറിയ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യ ചികിത്സ. മൈഗ്രന്റ് സക്രീനിംഗ്, വെക്ടർ സർവെയിലൻസ് എന്നിവ നടന്നു വരുന്നു. മിസ്റ്റ് ടീം ഡേ നൈറ്റ് ക്യാമ്പുകൾ നടത്തിവരുന്നു.
- ❖ പാലക്കാട് ജില്ലയിൽ മന്ത് രോഗ നിവാരണവുമായി ബന്ധപ്പെട്ട് എംഡിഎ അസ്സെസ്സ്മെന്റ് സർവേയിൽ എംഎഫ് നിരക്ക് 1% കൂടുതലുള്ള 2 ബ്ലോക്കുകളിൽ ഒരു റൗണ്ട് എംഡിഎ തുടരാൻ തീരുമാനിച്ചു. ജില്ലയിൽ 2022ൽ തദ്ദേശീയമായ കേസ് കണ്ടെത്തിയതിനെ തുടർന്ന് മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടന്നു വരുന്നു. ജില്ലയിൽ അവസാന കാലാ അസർ കേസ് കണ്ടെത്തിയത് 2021 ലാണ്. തുടർന്ന് ഫീൽഡ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി, 2022-ൽ നടത്തിയ തുടർ സർവേയിൽ പുതിയ കേസുകളൊന്നും കണ്ടെത്തിയിട്ടില്ല.

## 8. സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

സംസ്ഥാനത്തെ 82 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 40 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായി. 42 സ്ഥാപനങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്നു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 10 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനത്തിന് സജ്ജമായവ | 30 |
| നിർമ്മാണം പുരോഗമിക്കുന്നവ | 42 |

## 9. ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- ❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര കാൻസർ ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ കാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണ്ണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണ്ണയത്തിലും കാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- ❖ കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- ❖ ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം 2023" ഹെൽത്തി ലൈഫ് ക്യാമ്പയിൻ അടിമാലി, ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിൽ ആരംഭിച്ചു.
- ❖ വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ ആരംഭിച്ചു.
- ❖ വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- 2023 ജൂലൈ 26ന് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ആറു ജില്ലകളിൽ സെപ്റ്റംബർ മാസം ജില്ലാ കളക്ടർമാർ ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം കൂടിയിട്ടുണ്ട്. യോഗങ്ങളിൽ 87 ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്.
- ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായിട്ടുള്ള ജില്ലാ മിഷൻ യോഗങ്ങൾ 6 ജില്ലകളിൽ സെപ്റ്റംബർ മാസം കൂടിയിട്ടുണ്ട്. 6 ജില്ലകളിൽ നടന്ന യോഗങ്ങളിൽ 19 ജനപ്രതിനിധികളും 220 ഉദ്യോഗസ്ഥരും പങ്കെടുത്തിട്ടുണ്ട്.
- സെപ്റ്റംബർ മാസം തദ്ദേശ സ്ഥാപന തലത്തിലുള്ള മിഷൻ യോഗങ്ങൾ 362 തദ്ദേശ സ്ഥാപനങ്ങളിൽ നടത്തിയിട്ടുണ്ട്. ഓഗസ്റ്റ് മാസം കൂടിയ 204 മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 566 തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ മിഷൻ യോഗം കൂടിയിട്ടുണ്ട്.
- സെപ്റ്റംബർ മാസം 362 തദ്ദേശ സ്ഥാപനങ്ങളിൽ കൂടിയ യോഗങ്ങളിൽ 6315 (2341 ജനപ്രതിനിധികൾ 2237 ഉദ്യോഗസ്ഥർ, 1737 സാങ്കേതിക പ്രവർത്തകർ) പേർ പങ്കെടുത്തത്തിട്ടുണ്ട്.
- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 2980 യോഗങ്ങൾ സെപ്റ്റംബർ മാസം നടന്നിട്ടുണ്ട്. മാലിന്യസംസ്കരണ പ്രവർത്തങ്ങൾക്കായി 966 യോഗങ്ങളും, ഹരിത വിദ്യാലയങ്ങൾക്കായി 752 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 99 ജില്ലാ തല യോഗങ്ങൾ കൂടിയിട്ടുണ്ട്. 1878 തദ്ദേശ സ്വയംഭരണ യോഗങ്ങളും 893 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി കൂടിയിട്ടുണ്ട്.
- വിവിധ യോഗങ്ങളിൽ 8092 ജനപ്രതിനിധികളും 9742 ഉദ്യോഗസ്ഥരും, 12841 സാങ്കേതിക പ്രവർത്തകരും ഹരിത വിദ്യാലയമാക്കുന്നതിനു വേണ്ടി 31651 വിദ്യാർത്ഥികളും ഉൾപ്പെടെ ആകെ 62326 പേർ പങ്കെടുത്തിട്ടുണ്ട്.
- ഹരിത കേരളം മിഷൻ 361 പരിശീലനങ്ങൾ സെപ്റ്റംബർ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനത്തിലൂടെ 8553 പേർ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഭാഗമായിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 5 പഞ്ചായത്തുകളിൽ 336 ഊർജ്ജ സംരക്ഷണ ക്ലാസുൽ സംഘടിപ്പിച്ചതിൽ 7808 പേരുടെ പങ്കാളിത്തത്തമായിരുന്നു ഇതിൽ പ്രധാനം.
- വികസന വിഷയങ്ങൾ മേഖലാതലത്തിൽ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്നതിനുള്ള മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും നേതൃത്വത്തിലുള്ള മേഖലാതല യോഗങ്ങളിൽ നവകേരളം കർമപദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി. വിവിധ മേഖലകളിലെ മിഷന്റെ പ്രവർത്തനങ്ങളിലെ പുരോഗതി ആശാവഹമാണെന്ന് യോഗങ്ങളിൽ പൊതുവെ വിലയിരുത്തുകയുണ്ടായി. മിഷൻ പ്രവർത്തനങ്ങളിൽ കൈവരിച്ചിരിക്കുന്ന മുന്നേറ്റം ശക്തമായി തുടരണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിക്കുകയുണ്ടായി.